## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4463     26-06-2014 -ൽ മറുപടിക്ക്

### കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഫ്ളഡ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്ന റോഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.ദാസൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ ഫ്ളഡ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; | എ) & ബി) & സി) | വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾക്കുള്ള ഫണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുവദിക്കാറില്ല. |
| ബി) | ഭരണാനുമതി ഉത്തരവ് നമ്പർ, ഭരണാനുമതി തുക, പ്രവൃത്തിയുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | | |
| സി) | പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാം; ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; ആരംഭിക്കാതിരിക്കാൻ കാരണമെന്ത്; വിശദമാക്കാമോ; | | |
| ഡി) | ഫ്ലഡ് ഫണ്ട് റോഡുകൾ ഭരണാനുമതി ലഭിച്ച് 2 വർഷത്തിനുള്ളിൽ പൂർത്തിയാക്കണം എന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ; | (ഡി) | ഉണ്ട്. മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. |
| ഇ) | ഫ്ളഡ് ഫണ്ട് വർക്കുകളുടെ പുരോഗതി മോണിറ്റർ ചെയ്യുന്നത് ആരാണ്; ഇടവേളകളിൽ മോണിറ്റർ ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമെന്ത്; വിശദമാക്കാമോ? | (ഇ) | ജില്ലാ കളക്ടറാണ് പുരോഗതി മോണിറ്റർ ചെയ്യുന്നത്. ഇടവേളകളിൽ മോണിറ്റർ ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ